# KERALA STATE ELECTRICITY BOARD Ltd

KSEB
കേരളത്തിന്റെ ഊർജ്ജം

(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom,
Thiruvananthapuram – 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone: : +91 471 2514472, 2514527, 2514455, 2514608
Email: po@kseb.in.

## ABSTRACT

30.05.2021ന മൂലമറ്റം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ മാനസിക രോഗിയായ ശ്രീ.ജോസ് മൈക്കിൾ എന്ന വ്യക്തിക്ക് ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും സംഭവിച്ച മാരകമല്ലാത്ത വൈദ്യുതപകടം - ആശ്വാസ ധനസഹായം സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ്.

## CORPORATE OFFICE (PERSONNEL)

BO (FTD)No.292/2023(PS-ST4/2022/2763) /365 Thiruvananthapuram,Dated: 07.06.2023

Read: 1. ബഹു:ജലവിഭവ വകുപ്പ് മന്ത്രി ബഹു:വൈദ്യുതി വകുപ്പ് മന്ത്രിക്കയച്ച 15.07.2022 ലെ കത്ത് നമ്പർ.9152/RA/IDK/M(WR)/2022.

2. ബോർഡ് ഉത്തരവ് നമ്പർ (DB) 1641/2018(PS VIII/GL/97) തീയതി 05.07.2018.

3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തൊടുപുഴ കാര്യാലയത്തിൽ നിന്നുള്ള 13.12.2022 തീയതിയിലെ കത്ത് നമ്പർ.GB1/Accident NF/2022-23/69.

4. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ ചീഫ് പേഴ്സണൽ ഓഫീസർ 20.03.2023 ന സമർപ്പിച്ച PS-ST4/2022/2763(5) നമ്പർ കുറിപ്പ് അജണ്ടാ നം.75/3/23.

## ORDER

30.05.2021 തീയതി തൊടുപുഴ താലൂക്കിൽ വെള്ളിയാമറ്റം വില്ലേജിൽ കടയത്തൂർ കരയിൽ വാകശേരിയിൽ വീട്ടിൽ ശ്രീ.ജോസ് മൈക്കിളിന മൂലമറ്റം ഇലക്ട്രിക്കൽ സെക്ഷന കീഴിൽ പുല്ലുകുന്ന പാറ ട്രാൻസ്ഫോർമർ DP യിലുള്ള 11 KV ലൈനിൽ നിന്നും ഷോക്കേറ്റതായും രണ്ടു കൈകൾ മുട്ടിന താഴെ വെച്ച് മുറിച്ചുമാറ്റിയതായും താനും തന്റെ കുടുംബവും സാമ്പത്തിക ബുദ്ധിമുട്ടിലാണെന്നും ആയതിനാൽ നഷ്ടപരിഹാരം തന്ന സഹായിക്കണമെന്നും പ്രതിപാദിച്ച് ശ്രീമതി.ലിസി ജോസ് (ശ്രീ.ജോസ് മൈക്കിളിന്റെ ഭാര്യ) ബഹു.വൈദ്യുതി വകുപ്പ് മന്ത്രിക്ക് പരാതി സമർപ്പിക്കുകയുണ്ടായി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തൊടുപുഴ സമർപ്പിച്ച ആശ്വാസ ധനസഹായത്തിന്റെ അർഹത സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, അപകടം നടന്ന പുല്ലുകുന്ന പാറ ട്രാൻസ്ഫോർമർ നാലു വശങ്ങളും 1.9 മീറ്റർ ഉയരത്തിൽ ചുറ്റുവേലി കെട്ടി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് സ്ഥാപിച്ചിരിക്കുന്നതെന്നും ട്രാൻസ്ഫോർമറിന് ചുറ്റുവേലി ഉള്ളതുകൊണ്ട് പൊതുജനങ്ങൾക്കോ ഓഫീസുമായി ബന്ധമില്ലാത്ത ആളുകൾക്കോ ചുറ്റുവേലിക്കുള്ളിൽ പ്രവേശിക്കാൻ അനുവാദമില്ലാത്തതാണെന്നും എന്നും എന്നാൽ മാനസികരോഗിയായ ശ്രീ.ജോസ് മൈക്കിൾ ചുറ്റുവേലിയിൽ കയറി നിന്ന് ലൈനിലേക്ക് പിടിച്ചപ്പോഴാണ് ടിയാളുടെ കൈകൾ രണ്ടും എർത് ചെയ്തിരുന്ന ട്രാൻസ്ഫോർമറിന്റെ ലോഹ നിർമിതമായ ടാങ്കിൽ സ്പർശിച്ചതെന്നും ഇതുവഴി വൈദ്യുതി പ്രവഹിക്കുകയും കൈകൾക്ക ഷോക്കേൽക്കുകയും കൈകൾ കരിഞ്ഞു പോകാൻ ഇടയായത് എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശ്രീ.ജോസ് മൈക്കിൾ ബോധപൂർവ്വമോ മാനസിക വിഭ്രാന്തി മൂലമോ ആത്മഹത്യാ പ്രേരണയോടെ അനധികൃതമായി 1.9 മീറ്റർ ഉയരത്തിലുള്ള ചുറ്റുവേലിയുടെ മുകളിൽ കയറി നിന്ന് 11 KV ലൈനിൽ പിടിച്ചതാണ് അപകടത്തിന് കാരണമായത് എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തൊടുപുഴ തയ്യാറാക്കിയ വിശദ വിവര റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നു. പ്രസ്തുത അപകടം വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം ആശ്വാസ ധനസഹായത്തിന അർഹതയില്ലാത്തതാകുന്നു. എന്നിരുന്നാലും മാനസിക രോഗിയായ ഇയാളുടെ കൈകൾ രണ്ടും നഷ്ടപെട്ടതിനാലും ടിയാന്റെ കുടുംബം സാമ്പത്തിക ബുദ്ധിമുട്ടിലാണെന്നു ബോധിപ്പിച്ചതിനാലും മാനുഷിക പരിഗണന മുൻനിർത്തി ധനസഹായം നല്കാവുന്നതാണോ എന്നത് സംബന്ധിച്ച നിർദേശങ്ങൾക്കായി വിഷയം മേൽ സൂചന (4) പ്രകാരം

27.03.2023-ൽ ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം ഈ വിഷയം വിശദമായി പരിശോധിക്കുകയും 30.05.2021-ന് മൂലമറ്റം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ പുല്ലുകന്നു പാറ ട്രാൻസ്ഫോർമർ DP യിലുള്ള 11 KV ലൈനിൽ നിന്നും ഷോക്കേറ്റുണ്ടായ അപകടം ശ്രീ.ജോസ് മൈക്കിളിന്റെ അശ്രദ്ധ മൂലം ഉണ്ടായതും കെ.എസ്.ഇ.ബിലിമിറ്റഡിന്റെ ഭാഗത്തു യാതൊരു വീഴ്ചയും ഇല്ലാത്തതും കണക്കിലെടുത്ത് ധനസഹായം നൽകേണ്ട ആവശ്യമില്ലായെന്ന് തീരുമാനിക്കുകയും ചെയ്തു.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**By Order of the**
**Full Time Directors**

Sd/-

**LEKHA G**
**Company Secretary**

To:

എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തൊടുപുഴ.

Copy to: എല്ലാ ചീഫ് എഞ്ചിനീയർമാർക്കും ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ /
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ / ചീഫ് വിജിലൻസ് ഓഫീസർ /
കമ്പനി സെക്രട്ടറി / എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.ടി & എസ്.സി.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ. & റീസ്)
ടി. എ ടു ഡയറക്ടർ {ജനറേഷൻ - ഇലക്ട്രിക്കൽ}
ടി. എ ടു ഡയറക്ടർ {ജനറേഷൻ - സിവിൽ}
പി. എ ടു ഡയറക്ടർ (ഫിനാൻസ് & എച്ച്.ആർ.എം)
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
സ്റ്റോക്ക് ഫയൽ.

Forwarded / By Order

Senior Superintendent